# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 147 26/09/2011 ൽ മറുപടിക്ക്

### പോലീസുകാരുടെ പ്രവേശനതീയതിയിലെ അപാകത പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്. രാജേന്ദ്രൻ : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | |
|---|---|
| (എ) കേരള പോലീസിൽ കെ.എ.പി. ഒന്നാം ബറ്റാലിയനിൽ 2003 മാർച്ച് 12-ാം തീയതി സർവ്വീസിൽ ചേർന്ന പോലീസുകാരുടെ പ്രവേശന തീയതി 14.03.2003 എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |

| | |
|---|---|
| ബി) പ്രസ്തുത പരാതി പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) കൊച്ചി സിറ്റി പോലീസിന്റെ കീഴിൽ വരുന്ന എ.ആർ പോലീസ് ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട 13 പോലീസ് ഉദ്യോഗസ്ഥർ തങ്ങൾ സർവ്വീസിൽ പ്രവേശിച്ച തീയതി 12.03.2003 ന് പകരം 14.03.2003 എന്ന് പിശകായി ചേർത്തിരിക്കുന്നു എന്ന് പറഞ്ഞ് പരാതി നല്കിയിരുന്നു. ഈ ഉദ്യോഗസ്ഥരുടെ സർവ്വീസ് ബുക്കും കെ.എ.പി 1-ാം ബറ്റാലിയനിൽ നിന്നും അയച്ചുതന്നിട്ടുള്ള രേഖകളും പരിശോധിച്ചതിൽ അവരുടെ സർവ്വീസ് പ്രവേശന തീയതി 14.03.2003 ആണെന്ന് മനസ്സിലാക്കിയിട്ടുള്ളതും അവരുടെ അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. |
| (സി) പോലീസുകാരുടെ പരിശീലന കാലം സർവ്വീസായി പരിഗണിച്ച സാഹചര്യത്തിൽ പോലീസുകാരുടെ ഇ.എൽ., എച്ച്.പി.എൽ. എന്നിവയിൽ വർദ്ധനവുണ്ടാകുമോ; ഇല്ലെങ്കിൽ ഈ കാര്യം പരിഗണിക്കുമോ; | (സി) പോലീസുകാരുടെ പരിശീലന കാലയളവിൽ അർഹതപ്പെട്ട ഇ.എൽ, എച്ച്.പി.എൽ മുതലായവ അനുവദിച്ചു വരുന്നതിനാൽ ഇപ്പോൾ വർദ്ധനവ് ഉണ്ടാകുകയില്ല. |

| | |
|---|---|
| ഡി) എറണാകുളം ജില്ലയിൽ പോലീസു കാരുടെ പുതുക്കിയ ശമ്പളം നൽകി തുടങ്ങിയോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | ഡി) എറണാകുളം ജില്ലയിൽ റൂറൽ പോലീസ് മേധാവിയുടെ കീഴിലുള്ള ഉദ്യോഗ സ്ഥർക്ക് പുതുക്കിയ ശമ്പളം നല്കി തുടങ്ങിയിട്ടുണ്ട്. സിറ്റി പോലീസ് മേധാവി യുടെ കീഴിലുള്ള ഉദ്യോഗസ്ഥർക്ക് പുതുക്കിയ ശമ്പളം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ